**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **01-09-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാർത്ഥികളുടെ വാർഷിക/സെമസ്റ്റർ പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാർത്ഥികളുടെ വാർഷിക/സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയവ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കുമോ? | (എ) | ദേശീയ മെഡിക്കൽ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷ ബോർഡ് തീരുമാനിക്കുകയും മുൻകൂട്ടി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന താൽക്കാലിക കലണ്ടർ പ്രകാരമാണ് സർവ്വകലാശാല മെഡിക്കൽ യുജി/പിജി കോഴ്സുകളുടെ പരീക്ഷകൾ നടത്തി വരുന്നത്.<br><br>കോവിഡ്-19 പശ്ചാത്തലത്തിൽ കോഴ്സുകളുടെ പ്രവേശനത്തിലും പരിശീലനത്തിലും കാലതാമസം നേരിട്ടതുമൂലം പരീക്ഷാക്രമത്തിലും മാറ്റം വന്നിരുന്നു. എന്നാൽ, അതിനുശേഷം അക്കാഡമിക് പരിശീലനം പൂർത്തിയായതായി ഉറപ്പുവരുത്തി ആരോഗ്യ സർവ്വകലാശാല സമയബന്ധിതമായി പരീക്ഷകൾ നടത്തി വരുന്നുണ്ട്. 22.04.2022 ന് സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച കലണ്ടർ പ്രകാരം മെഡിക്കൽ കോഴ്സുകളുടെ എല്ലാ പരീക്ഷകളും നിശ്ചയിച്ച ദിവസങ്ങളിൽ തന്നെ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ